ശക്തമായ നേതൃത്വത്തിന് എല്ലാ ഭാരവാഹികൾക്കും ആനിമേറ്റേഴ്സിനും നന്ദി അറിയിക്കുന്നു. സഭാതല പ്രസിഡന്റായിരുന്ന കുമാരി അനീറ്റ കുര്യാക്കോസിന്റെ ശുശ്രൂഷ ഇത്തരുണത്തിൽ നന്ദിപൂർവം സ്മരിക്കുന്നു. പുതിയ ഭാരവാഹികൾ ഉടൻതന്നെ തിരഞ്ഞെടുക്കപ്പെടുന്നതാണ്. ഈ വർഷത്തെ MCCL ദിനം ഫലപ്രദമാക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് പരിശ്രമിക്കേണ്ടതാണ്. വി. കുർബ്ബാനയിലെ സമർപ്പണം, സമ്മേളനം, പൊതുപഠന വേദികൾ, ക്ലാസ്സുകൾ, കലാപരിപാടികൾ മുതലായവ അന്നേ ദിവസം ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സഭയുടെ ശ്രേഷ്ഠമായ MCCL ശുശ്രൂഷകളിൽ ത്യാഗപൂർവം പങ്കുചേരുന്ന ഏവർക്കും അഭിവന്ദ്യ പിതാക്കന്മാരുടെ നാമത്തിൽ നന്ദി അറിയിച്ചുകൊണ്ട് അനുഗ്രഹാശംസകളോടെ,

മിശിഹായിൽ സ്നേഹപൂർവം,

+ Mar Stephanos

18.01.2017
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

**✠ഫിലിപ്പോസ് മാർ സ്തേഫാനോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ.

N.B. ഈ സർക്കുലർ MCCL ദിനമായ ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ, നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്. MCCL ദിന പോസ്റ്റർ എല്ലാ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന ഡയറക്ടേഴ്സിനെ ഏല്പിക്കുന്നതാണ്.



**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# MCCL ദിനം 2017
# (മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്)

## വിശ്വാസപരിശീലനത്തിന് വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരി സഹോദരൻമാരേ, യേശുവിൽ പ്രിയ കുഞ്ഞുങ്ങളേ,

മലങ്കര കത്തോലിക്കാ സഭയിൽ കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന, കുട്ടികൾക്കുവേണ്ടി മാത്രമുള്ള ഏകസംഘടനയാണ് മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് അഥവാ MCCL. എല്ലാ വർഷവും ഫെബ്രുവരി മാസം രണ്ടാമത്തെ ഞായറാഴ്ച MCCL ദിനമായി ആചരിക്കുന്ന വേളയിൽ ഈ ദിനത്തിന്റെ അനുഗ്രഹം സ്നേഹപൂർവം നേരുന്നു.

യേശുവിന്റെ അടുക്കൽ ചിലർ ശിശുക്കളെ കൊണ്ടുവന്നു. ശിഷ്യന്മാർ അവരെ ശകാരിച്ചു. എന്നാൽ യേശു പറഞ്ഞു: “ശിശുക്കളെ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗ്ഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്” (മത്താ 19:14). പരിശുദ്ധ സഭയിൽ കുട്ടികൾക്കുള്ള സ്ഥാനം സമുന്നതമാണ് എന്ന് സമർത്ഥിക്കുന്ന ദൈവവചന ഭാഗമാണ് ഇത്. കുട്ടികളിലൂടെ ദൈവരാജ്യത്തിലേക്കുള്ള വാതിൽ കർത്താവ് തുറന്നു തന്നിരിക്കുന്നുവെന്നു വചനം പഠിപ്പിക്കുന്നു. കുട്ടികളുടെ വളർച്ചാഘട്ടങ്ങളിൽ അന്യംനിന്നുപോകേണ്ട കാര്യമല്ല ദൈവാനുഗ്രഹവും ദൈവവിചാരവും. പക്ഷെ, ഇന്നത്തെ കാലഘട്ടത്തിന്റെ ഒഴുക്ക് ഭയാനകമാണ്. ആത്മീയജീവിതം എന്നതു ഒരു പ്രകടനമായി കരുതുന്ന കാലഘട്ടമാണിത്. പുതുതലമുറയെ മലങ്കര കത്തോലിക്കാ സഭയുടെ

വിശ്വാസതീക്ഷ്ണതയും ചൈതന്യവും ആർദ്രതയും കൈമുതലാക്കി ക്രിസ്തുവിൽ ഒന്നിപ്പിക്കാനുള്ള ഉദ്യമമാണ് മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL). നമ്മുടെ സഭാസിനഡിന്റെ ആലോചനയാൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ കൽപ്പനപ്രകാരം 2010 സെപ്തംബർ 20-ന് MCCL എന്ന കുട്ടികളുടെ സംഘടന സഭയിൽ ഔദ്യോഗികമായി രൂപംകൊണ്ടു. അങ്ങനെ, MCA, MCYM എന്നീ സംഘടനകൾക്കൊപ്പം മലങ്കര സഭയിലെ കുട്ടികൾക്ക് ഒരു സംഘടനാ പ്രവർത്തനതലം MCCL ഒരുക്കി കൊടുക്കുന്നു. സംഘടനാതലത്തിൽ പ്രവർത്തിച്ച് സഭയുടെ പുതുമുകുളങ്ങളായി പ്രശോഭിക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിവും പ്രാപ്തിയും നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ പഠനതലത്തെ മാത്രം ഉൾക്കൊള്ളിച്ച്, വിശ്വാസം അറിവായി മാത്രം നേടുന്നതാണ് എന്ന മിഥ്യാബോധം അറിഞ്ഞോ അറിയാതെയോ നാം സൃഷ്ടിച്ചതുകൊണ്ട് സഭയുടെ പല തലങ്ങളിൽ ഇന്നും MCCL പേരിന് മാത്രമായി നിലകൊള്ളുന്നു എന്ന സത്യം ഇത്തരുണത്തിൽ ഓർമ്മിപ്പിക്കട്ടെ. യേശുക്രിസ്തു വെറും ബൗദ്ധിക അറിവ് മാത്രമാകാതെ പ്രവർത്തികളിലൂടെയുള്ള അനുഭവമായി മാറുന്നതാണ് ക്രിസ്തീയത എന്ന ബോധ്യം വളർത്തിയെടുക്കുവാൻ ഈ വർഷത്തെ MCCL ദിനം നമ്മെ സഹായിക്കട്ടെ.

സണ്ടേസ്കൂളിൽ നിന്നും MCCL എന്ന സംഘടനയ്ക്കുള്ള വ്യത്യസ്തത വ്യക്തമായി കഴിഞ്ഞ വർഷങ്ങളിലെ സർക്കുലറുകളിൽ സൂചിപ്പിച്ചിരുന്നുവല്ലോ. അതുപോലെ, ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ് അവയെന്നും നാം മറന്നുപോകരുത്. സണ്ടേസ്കൂൾ വഴിയായി വിശ്വാസപരിശീലനത്തിന്റെ ബൗദ്ധികതലം നാം സ്വായത്തമാക്കുമ്പോൾ MCCL വഴി വിശ്വാസം പ്രായോഗികമായി ജീവിതത്തിൽ പരിശീലിപ്പിക്കപ്പെടുന്നു. ആയതിനാൽ രണ്ടും പരസ്പര പൂരകങ്ങളാണ്. MCCL ലക്ഷ്യം വയ്ക്കുന്നത് സമഗ്രമായ വ്യക്തിത്വ വികസനംകൂടിയാണ് എന്നതും നാം ഓർമ്മിക്കേണ്ടതുണ്ട്. കുട്ടികളെ പ്രാർത്ഥനാനുഭവത്തിലേക്ക് നയിക്കുക, ദൈവവചനത്തോട് ആഭിമുഖ്യമുള്ളവരാക്കി വളർത്തുക, ക്രിസ്തീയ ജീവിതത്തിന്റെ പ്രാഥമിക പാഠങ്ങൾ പരിശീലിപ്പിക്കുക, സ്നേഹം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളുവാൻ അഭ്യസിപ്പിക്കുക, നന്മയും തിന്മയും വിവേചിച്ചറിയുവാൻ പ്രാപ്തരാക്കുക, സഭയുടെയും രാജ്യത്തിന്റെയും ഉത്തമസന്താനങ്ങളായി വളരുവാൻ സഹായിക്കുക,



ഭൗതികവും കലാപരവും കായികവുമായ വളർച്ചയിൽ സഹായിക്കുക എന്നീ പൊതുലക്ഷ്യങ്ങളും MCCL മുന്നിൽ കാണുന്നു. അതുപോലെ തന്നെ, സുവിശേഷവത്കരണത്തിനായി ചെറുപ്പകാലത്ത് തന്നെ തങ്ങളാലാവുംവിധം പ്രവർത്തിക്കുവാൻ, MCCL കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, നാളെ നമ്മുടെ ദൈവാലയങ്ങൾ ശൂന്യമാകാതിരിക്കുവാൻ, നാളത്തെ നമ്മുടെ തലമുറ വിശ്വാസം കൈവിടാതിരിക്കുവാൻ, ഇന്നത്തെ കുട്ടികളെ ക്രിസ്തുവിൽ പ്രവർത്തനനിരതരാക്കുക എന്നതായിരിക്കട്ടെ ഈ ദിനത്തിൽ നമ്മുടെ പ്രതിജ്ഞ. അതിനു വേണ്ടി ഭദ്രാസന-മേഖല-യൂണിറ്റ് തലങ്ങളിൽ MCCL-ന് പ്രോത്സാഹനവും നേതൃത്വവും നൽകണം. അതിഭദ്രാസന/ഭദ്രാസന ഡയറക്ടർ അച്ചൻമാരുടേയും യൂണിറ്റ് ഡയറക്ടർമാരായിരിക്കുന്ന ഇടവക വികാരിമാരുടേയും അതീവ താത്പര്യം ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. സണ്ടേസ്കൂൾ പ്രധാന അദ്ധ്യാപകർ/അദ്ധ്യാപകർ, ബഹു. സിസ്റ്റേഴ്സ്, മാതാപിതാക്കൾ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമം MCCL-ന്റെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണ്. നാം ഒരുക്കിയാൽ നമ്മുടെ കുട്ടികൾ അത്ഭുതങ്ങൾ ചെയ്യുമെന്ന് കാരുണ്യ വർഷത്തിൽ നമ്മുടെ ഭദ്രാസനങ്ങളിലെ MCCL പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഇങ്ങനെ, ഓരോ ഭദ്രാസനവും പലതരത്തിൽ കുട്ടികളെ MCCL എന്ന സംഘടനയിൽ ഒത്തൊരുമിപ്പിച്ചു എന്നതിൽ സന്തോഷിക്കുകയും കുട്ടികളേയും അതിനു നേതൃത്വം നല്കിയവരേയും അഭിനന്ദിക്കുകയും ചെയ്യുന്നു. കരുണയുടെ മക്കളായി നമുക്കിനിയും തുടരുവാൻ സാധിക്കട്ടെ.

പരി. ഫ്രാൻസിസ് മാർപാപ്പ 2016 ഡിസംബർ മാസത്തിൽ പ്രത്യേക നിയോഗമായി സമർപ്പിച്ച പ്രാർത്ഥന, **ആയുധമെടുക്കുവാൻ നിർബന്ധിതരാകുന്ന ലോകമാസകലമുള്ള കുട്ടികൾക്കു വേണ്ടിയായിരുന്നു.** ഭീകരപ്രവർത്തനങ്ങളുടേയും ആക്രമണങ്ങളുടേയും കുരുതിക്കളങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നതും അതിനിരയാകുന്നതുമായ കുരുന്നുകളെ ഓർത്ത് നമുക്ക് ഈ വർഷത്തെ MCCL നിയോഗം സമർപ്പിക്കാം. 2014 മുതൽ 2016 വരെ നമ്മുടെ സഭാതല MCCL ഭാരവാഹികളായിരുന്നവരുടെ ഭരണകാലാവധി ഈ വർഷം അവസാനിച്ച സാഹചര്യത്തിൽ, കഴിഞ്ഞ വർഷങ്ങളിൽ അവർ MCCL-ന് നല്കിയ